# അക്കാദമിക
# മാസ്റ്റർ
# പ്ലാൻ
# 2025-2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

- അക്കാദമികം
- ഭൗതികം
- സാമൂഹികം

# ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- പദ്ധതി രൂപീകരണ പ്രക്രിയ
  വിവിധ ഘട്ടങ്ങൾ
- വിദ്യാലയ മികവിന്റെ കാഴ്ചപ്പാട്
- നിലവിലെ അവസ്ഥ വിശകലനം
  ഭൗതികം, അക്കാദമികം
- മികവിനായി ഏറ്റെടുക്കുന്ന-
  പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് - എം എസ് സി എൽ പി എസ്

വിലാസം - ഉള്ളന്നൂർ. പി ഒ
ഉള്ളന്നൂർ
689503

ഫോൺ നമ്പർ - 9447139095

ഇ. മെയിൽ - msclpsullannoor20@gmail.com

റവന്യൂ ജില്ല - പത്തനംതിട്ട

വിദ്യാഭ്യാസ ജില്ല - തിരുവല്ല

വിദ്യാഭ്യാസ ഉപജില്ല - ആറന്മുള

ബി. ആർ. സി - ആറന്മുള

സി. ആർ. സി - മെഴുവേലി

ഗ്രാമപഞ്ചായത്ത് - മെഴുവേലി

ബ്ലോക്ക് പഞ്ചായത്ത് - പന്തളം

ജില്ലാ പഞ്ചായത്ത് - പത്തനംതിട്ട

നിയമസഭാ മണ്ഡലം - ആറന്മുള

ലോകസഭാ മണ്ഡലം - പത്തനംതിട്ട

വില്ലേജ് - കുളനട

താലൂക്ക് - കോഴഞ്ചേരി

വിദ്യാർത്ഥികളുടെ എണ്ണം 2025-26

| Std I | Std II | Std III | Std IV | Total |
|---|---|---|---|---|
| 4 | 2 | 9 | 2 | 17 |

# ആമുഖം

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. കുട്ടികളിൽ ഉള്ള വൈകാരിക - സാമൂഹിക - വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് അവരെ മുൻനിരയിൽ എത്തിക്കുക, പഠനവിടവുകൾ നികത്തുക, പഠനപ്രവർത്തനങ്ങൾ സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റുക, കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അതെല്ലാം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ്സ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും, വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും, അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നു.
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

## പദ്ധതി രൂപീകരണ പ്രക്രിയയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- പാഠ്യപദ്ധതി സമീപനം, കാഴ്ചപ്പാട് എന്നിവയുമായി പൊരുത്തപ്പെടുന്നതായിരിക്കണം പ്രവർത്തനങ്ങൾ.
- എസ് ആർ ജി യോഗത്തിൽ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
- വികസനാവശ്യങ്ങൾ മുൻ| വിഷയാടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
- കരട് രൂപരേഖ SRG, PTA, MPTA, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
- പി ടി എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

# വിദ്യാലയം സമൂഹത്തിന്റെ കാഴ്ചപ്പാട്

- പാഠ്യപ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ഓരോ കുട്ടിയിലും ആവശ്യമായ ശേഷികളും ധാരണകളും നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- സ്കൂളിനെ സമൂഹത്തിന്റെ കേന്ദ്രമാക്കുന്നതിൽ പൊതുസമൂഹത്തിന്റെ കയ്യൊപ്പുകളായ പങ്കാളിത്തം ഉറപ്പാക്കൽ.

## അവസ്ഥാ വിശകലനം

### ഭൗതികം - നേട്ടങ്ങൾ

ആവശ്യമായ ശുചിമുറികൾ, കുടിവെള്ളത്തിനായി കിണർ എന്നിവ ഉണ്ട്. ആവശ്യത്തിന് ബെഞ്ച്, മേശ, കസേര എന്നിവ ഉണ്ട്. എല്ലാ ക്ലാസ് മുറികളിലും ഫാൻ ഉണ്ട്. യാത്രാ സൗകര്യത്തിന് ഓട്ടോ ക്രമീകരിച്ചിട്ടുണ്ട്.

### ഭൗതികം - പരിമിതികൾ

ഭൗതിക സാഹചര്യങ്ങളുടെ കുറവുകൊണ്ട് കുട്ടികൾ കുറവാണ്. ആവശ്യത്തിനുള്ള ക്ലാസ് മുറികൾ ഇല്ല. ക്ലാസുകൾ മുറികളായി തിരിച്ചിട്ടില്ല. ക്ലാസ് മുറിയുടെ തറ പൊട്ടിയതാണ്. സ്കൂൾ മുറ്റം കുട്ടികൾക്ക് കളിക്കുന്നതിന് യോജിച്ച തരത്തിലുള്ളതല്ല. റോഡിന്റെ സൈഡിലെ മതിൽ സിമന്റുകൊണ്ട് പ്ലാസ്റ്റർ ചെയ്യാത്തതുകൊണ്ട് സുരക്ഷിതമല്ല.

## അക്കാദമികം – നേട്ടങ്ങൾ

കുട്ടികളുടെ പഠനനിലവാരം വിലയിരുത്തി മികവുകളും പരിമിതികളും വിശകലനം ചെയ്ത് പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. രാവിലെ അസംബ്ലിയിൽ പത്രവാർത്ത, വ്യായാമം, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ നടത്തുന്നു.

## അക്കാദമികം – പരിമിതികൾ

ക്ലാസ് മുറികൾ ക്രമീകൃതമല്ല. കുട്ടികൾക്ക് പഠിക്കുന്നതിന് ആവശ്യമായ പഠനസാമഗ്രികൾ ഇല്ല. ലാബ് ഇല്ല. കലാ കായിക പരിശീലനത്തിനുള്ള സൗകര്യം ഇല്ല. ICT സാധ്യതകൾ കുട്ടികൾക്ക് ശരിയായി പ്രയോജനപ്പെടുത്തുന്നതിന് ഭൗതിക പരിമിതികൾ കാരണം സാധിക്കുന്നില്ല.

## വിദ്യാലയം നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ

- മലയോര മേഖലകളിലെ കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ.
- പോഷകാഹാരം
- ലഹരി ഉപയോഗം
- കുട്ടികൾക്കെതിരായ അതിക്രമങ്ങൾ
- കുട്ടികളിൽ കണ്ടുവരുന്ന വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ.
- കാലാവസ്ഥാ വ്യതിയാനവും പ്രകൃതിദുരന്തങ്ങളും മൂലമുണ്ടാകുന്ന വെല്ലുവിളികൾ.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • മലയാള ഭാഷ വികസനം<br>• ഇംഗ്ലീഷ് പഠനം പരിപോഷണം<br>• വായന പരിപോഷണം<br>• ശാസ്ത്ര ഭാഷ വികസനം<br>• ശാസ്ത്രപോഷണ പരിപാടികൾ<br>• പഠനയാത്രകൾ<br>• പച്ചക്കറിത്തോട്ടം<br>• ജൈവവൈവിധ്യ ഉദ്യാനം<br>• ക്ലാസ് മുറികൾ പഠനാന്തരീക്ഷം നൽകുന്നത് ആക്കുക<br>• ചിൽഡ്രൻ ട്രിപ്പ് സംഘടിപ്പിക്കുക<br>വായനശാല<br>പോർട്ട്ഫോളിയോ etc | പൂന്തോട്ടം നിർമ്മാണം<br>കളിസ്ഥലം പാകപ്പെടുത്തൽ<br>ഔഷധത്തോട്ട നിർമ്മാണം<br>ശുദ്ധം ആകർഷകമാക്കൽ | • പി ടി എ ശക്തിപ്പെടുത്തൽ<br>• ഭവനസന്ദർശനം<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ [ഫെയ്സ്ബുക്ക്, വാട്സ് ആപ്പ്]<br>• പൂർവ്വ വിദ്യാർത്ഥി സംഗമം<br>• ദിനാചരണങ്ങൾ [സമീപവാസികൾ, വാർഡ് മെമ്പർ എന്നിവരെ ഉൾപ്പെടുത്തൽ] |

# പദ്ധതി വിശദാംശങ്ങൾ

മേഖല – അക്കാദമികം

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | **പ്രവർത്തനം-1 ഭാഷാപോഷിണി** | | | |
| | ഭാഷാശേഷി വികസനം | | | |
| മലയാളം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു | പ്രീ-ടെസ്റ്റ്<br>അക്ഷര കാർഡുകൾ<br>ചിഹ്നം കാർഡുകൾ<br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യം നിർമ്മിക്കൽ<br>ചിത്രം – അടിക്കുറിപ്പ്<br>ചിത്രം – കഥപറയൽ<br>ചിത്രം – കഥയെഴുത്ത്<br>വായന കാർഡുകൾ<br>കഥാപുസ്തകം നൽകൽ | ജൂൺ To മാർച്ച് | ക്ലാസ് അധ്യാപകർ<br>SRG<br>ലൈബ്രറി | |
| | **പ്രവർത്തനം – 2** | | | |
| | വായന, എഴുത്ത് | | | |
| കുട്ടികളെ മികച്ച വായനക്കാരനും എഴുത്തുകാരനും ആക്കുക | പത്രവായന<br>വായനോത്സവം<br>പതിപ്പ് തയ്യാറാക്കൽ<br>ദിനാചരണങ്ങൾ<br>സ്കൂൾ ബാലസഭ | 6 മാസം | ക്ലാസ് അധ്യാപകർ | |

## പ്രവർത്തനം - 3 കാവ്യോത്സവം

| | | | |
|---|---|---|---|
| ജ്ഞാനവും താളവും ആശയവും ഉൾക്കൊണ്ട് വരികൾക്ക് രൂപം നൽകാനും ചൊല്ലാനും കുട്ടികളെ പ്രാപ്തരാക്കുക. | താള വൈവിധ്യമുള്ള പാട്ടുകൾ, കവിതകൾ എന്നിവ പദ്യമായ വാദ്യോപകരണങ്ങൾ ഉൾപ്പെടുത്തി അവതരിപ്പിക്കുന്നു.<br>പാഠപുസ്തകത്തിലെ കവിതകൾ, വായ്ത്താരികൾ, വിദ്യാരംഗം - കലാസാഹിത്യവേദി പ്രവർത്തനങ്ങൾ | ആഗസ്റ്റ് നവം-ബർ | അധ്യാ-പകർ |
| സർഗാത്മക - രചന | രചന ഉണ്ടെത്ത് സർഗാത്മകമാക്കൽ<br>ഓരോ ദിവസത്തെയും പ്രധാന സംഭവങ്ങൾ വൈകാരികതയോടെ എഴുതുന്നു. | നവംബർ ഡിസം-ബർ | അധ്യാ-പകർ |

## പ്രവർത്തനം - 4 റീഡേഴ്സ് തിയേറ്റർ

| | | |
|---|---|---|
| നാടകീയവും, ആകർഷകവുമായ രീതിയിൽ കുട്ടികളുടെ ഉച്ചത്തിലുള്ള വായനയും ശ്രവണശേഷിയും മെച്ചപ്പെടുന്നു. | കഥാഭാഗം വായന<br>ഭാവാത്മക വായന<br>കഥാപാത്രങ്ങളുടെ തെരഞ്ഞെടുപ്പ്<br>സ്ക്രിപ്റ്റ് തയ്യാറാക്കൽ<br>ഭാവാത്മകമായി വായിച്ച് അവതരിപ്പിക്കൽ | ഒക്ടോ-ബർ To മാർച്ച് |

# ഇംഗ്ലീഷ്

## പ്രവർത്തനം - 1 ഇംഗ്ലീഷ് ഫെസ്റ്റ്

| | | |
|---|---|---|
| വ്യാകരണ തെറ്റു കൂടാതെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിൽ കുട്ടികളെ ഉയർത്തുക | പാഠഭാഗത്തിലെ Description, Roll Play, Story writing എന്നിവ പ്രോജക്ടുരൂപത്തിൽ അവതരിപ്പിക്കുന്നു. | ജനുവരി ഫെബ്രുവരി |

## പ്രവർത്തനം - 2 ഇംഗ്ലീഷ് ഡയറി

ഉപമേഖല - ലേഖനം

| | | | |
|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് അവസരം ഒരുക്കൽ | വീട്ടിലെയും സ്കൂളിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം - 3 ഇംഗ്ലീഷ് കലണ്ടർ

| | | |
|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | ഓരോ മാസവും ഉത്സവങ്ങളും വിശേഷങ്ങളെക്കുറിച്ച് ഇംഗ്ലീഷിൽ കലണ്ടർ<br>ജൂൺ - പരിസ്ഥിതിദിനം<br>ജൂലൈ - ചാന്ദ്രദിനം<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ - ഓണം<br>ഒക്ടോബർ - ഗാന്ധിജയന്തി<br>നവംബർ - കേരളപിറവി<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂ ഇയർ | ജൂൺ To മാർച്ച് |

## പ്രവർത്തനം-4 Reading Card Work Shop

| | | | |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | രക്ഷിതാക്കളെ സംഘടിപ്പിച്ച് റീഡിംഗ് കാർഡുകൾ നിർമ്മിക്കുന്നു | | |

## പ്രവർത്തനം-5 Work sheet Work shop

| | | | |
|---|---|---|---|
| മുഴുവൻ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂലൈ | SRG |

# ഗണിതം

## പ്രവർത്തനം-1 ഗണിത വർക്ക് ഷീറ്റ് ശില്പശാല

ഉപമേഖല - വർക്ക് ഷീറ്റ് തയ്യാറാക്കൽ

| | | | |
|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റുകളിലും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ജൂൺ To മാർച്ച് | |

## പ്രവർത്തനം-2 ഗണിതലാബ്

ഉപമേഖല - ഗണിത കേളികൾ

| | | | |
|---|---|---|---|
| അടിസ്ഥാന ആശയങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പിക്കുക. | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാൻ സഹായകമായ ഗണിതലാബ് | | |

## പ്രവർത്തനം - 3 ഗണിതക്ലബ്

| | | | | |
|---|---|---|---|---|
| അടിസ്ഥാനപരമായ ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും അറിഞ്ഞിരിക്കുന്നതിന് അവരെ പ്രാപ്തരാക്കുക | എല്ലാ ക്ലാസിലും ഗണിതക്ലബുകൾ രൂപീകരിക്കാൻ മഞ്ചാടി, കുട്ടികളോട്, കാര്യങ്ങൾ ഉണർവ് നൽകുന്നു. | ജൂൺ | | |

## പ്രവർത്തനം - 4 ഗണിത ക്ലാസ് പി ടി എ

| | | | | |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ലക്ഷ്യങ്ങൾ ഉറപ്പിക്കൽ | ഓരോ ക്ലാസിലെയും ഗണിതപാഠങ്ങളിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് വിശദീകരിച്ചു നൽകുന്നു. പിന്തുണ സഹായം രക്ഷിതാക്കൾ ഒരുക്കുന്നു. | | | |

## പ്രവർത്തനം - 5 യൂണിറ്റ് വിലയിരുത്തൽ

| | | | | |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കാധാരമായ ധാരണ കൈവരിച്ചു എന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനത്തിൽ മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ to മാർച്ച് | | |

## പരിഹാരബോധനം

## പ്രവർത്തനം-1 ശാസ്ത്ര പഠനോപകരണ ശില്പശാല

### ഉപമേഖല - ലാബ് ശാക്തീകരണം

| | | | | |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ മാസവും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായ ശില്പശാലകൾ, ക്യാമ്പുകൾ സംഘടിപ്പിക്കൽ. | ഓരോ ടേമിലും | | |

## പ്രവർത്തനം - 2 ഫൈന്റ് പരീക്ഷണം

### കുറിപ്പ് തയ്യാറാക്കൽ

| | | |
|---|---|---|
| ശാസ്ത്രോപന്യാസ താല്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ ചെയ്യുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു. | ആഗസ്റ്റ് |

## പ്രവർത്തനം - 3 പരീക്ഷണക്കിറ്റ്

### ലഘുചെലവ് - നിരീക്ഷണ പ്രവർത്തനങ്ങൾ

| | | |
|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചയ്ക്കുതകുന്ന വിധം പ്രവർത്തനങ്ങൾ ഒരുക്കുക | ഏതൊരു കുട്ടിക്കും ശാസ്ത്രപരീക്ഷണങ്ങൾക്കാവശ്യമായ ദ്രവ്യങ്ങൾ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള പരീക്ഷണക്കിറ്റ്. | |

## പ്രവർത്തനം - 4 പ്രാദേശിക അറിവ്

| | | |
|---|---|---|
| നമ്മുടെ നാട്ടിലെ ചരിത്രം മനസ്സിലാക്കുന്നതിനും സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിനുമുള്ള അറിവ് സമ്പാദിക്കുക | നാട്ടിന്റെ ചരിത്രം ഉൾപ്പെടെ പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക. | ജൂൺ To മാർച്ച് |

## പ്രവർത്തനം - 5 ഫീൽഡ് ട്രിപ്പ്

| | | |
|---|---|---|
| സമൂഹത്തിന്റെ ഉന്നമനത്തിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം തിരിച്ചറിയുക. | പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ആഗസ്റ്റ് To |

## പ്രവർത്തനം - 6 ശാസ്ത്ര വിജ്ഞാന ചുമർ

| | | | |
|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | | |

## പ്രവർത്തനം - 7 ശാസ്ത്രോത്സവം

| | | | |
|---|---|---|---|
| ശാസ്ത്ര പഠനത്തി- ലൂടെ നേടിയ അറി- വുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപ- കരണം, പരീക്ഷണം എന്നിവയുടെ പ്രദർശനം | ഫെബ്രു- വരി | ക്ലാസ് അധ്യാ- പകർ |